ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ പ്രൊപ്പോസൽ പരിശോധനയിലിരിക്കുകയാണ്.

ജലസേചന പദ്ധതികൾക്ക് ലോകബാങ്ക് സഹായം

*2 [270] *ശ്രീ. കോവൂർ കുഞ്ഞുമോൻ :*

,, *എ. എ. അസീസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽനിന്ന് എത്ര കോടി രൂപയുടെ ജലസേചന പദ്ധതികൾക്കാണ് അംഗീകാരം കിട്ടിയിരിക്കുന്നത്;

(ബി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :* (എ) & (ബി) ലോകബാങ്കിൽനിന്നും കേരളത്തിൽ നടപ്പിലാക്കേണ്ട ജലസേചന പദ്ധതികൾക്കൊന്നും അംഗീകാരം കിട്ടിയിട്ടില്ല. അംഗീകാരത്തിനായി ജലസേചന പദ്ധതികളൊന്നും ലോകബാങ്കിന് സമർപ്പിച്ചിട്ടുമില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, കേരളത്തിലെ കർഷകരും പൊതുജനങ്ങളും രണ്ടുകയ്യും നീട്ടി സ്വാഗതം ചെയ്തതാണ് കല്ലട ഇറിഗേഷൻ പ്രോജക്ട്. ഈ ഇറിഗേഷൻ പ്രോജക്ടിന്റെ പല പണികളും ഇപ്പോൾ പാതിവഴിക്കിട്ട് ഉപേക്ഷിച്ചു പോയിരിക്കുകയാണ്. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിന് ലോകബാങ്കിന്റെ സഹായം തേടുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇല്ല. ലോകബാങ്കിന്റെ സഹായത്തോടുകൂടി കല്ലട ഇറിഗേഷൻ പ്രോജക്ടിന് ധനസഹായം കിട്ടിയിട്ടുണ്ട്. ആ പ്രോജക്ട് കൊണ്ടുപോകുന്നതിനുവേണ്ടി നമ്മൾ ശ്രമിച്ചിട്ടുമുണ്ട്. ഇതൊക്കെ ഈ സഭയിൽ നിരവധി പ്രാവശ്യം ചർച്ച ചെയ്തതാണ്. അതുകൊണ്ട് ഈ ചോദ്യോത്തരസമയത്ത് കൂടുതൽ സമയം ഞാൻ അതിനുവേണ്ടി എടുക്കുന്നില്ല. കല്ലട ഇറിഗേഷൻ പ്രോജക്ട് ഏറെക്കുറെ തീർന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. ഒഫീഷ്യലായിട്ട് അത് ക്ലോസ് ചെയ്തുവെന്ന് നമ്മൾ ഡിക്ലെയർ ചെയ്തില്ല എന്നു മാത്രമേയുള്ളൂ. ഇത് മുന്നോട്ടുപോകണമെന്നു വരികിൽ ആ ഇറിഗേഷൻ പ്രോജക്ടിനെ CADA പദ്ധതിയിലേക്ക് മാറ്റേണ്ടിവരും. ഞാൻ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അത് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുകൂലമായ പരിഗണന നല്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് CADA പ്രോജക്ടിലേക്ക് എത്തുമെന്നുള്ള പ്രതീക്ഷയോടുകൂടി നില്ക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് 149 കോടി രൂപയുടെ ഒരു ദീർഘകാല സഹായത്തിനു വേണ്ടിയുള്ള ഒരു നിർദ്ദേശമാണ് കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഗ്രാമപ്രദേശങ്ങളിൽ ജലസേചനത്തിനായി ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ? ഡാമുകളുടെ നിർമ്മാണത്തിനുശേഷം അവയുടെ സംരക്ഷണവും പരിപാലനവും നടത്തുന്നതിന് ത്രിതല പഞ്ചായത്തുകളെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ചെക്ക്ഡാമുകളൊന്നും ഇല്ല. അതേസമയം മറ്റ് ധനസഹായത്തോടുകൂടിയുള്ള ചെക്ക്ഡാമുകൾ പലതും സംസ്ഥാനത്ത് പണി നടന്നുകൊണ്ടിരിക്കുന്നു; പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്ന മറ്റു പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടി ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ പുനരുദ്ധാരണം, Dam Safety, Assurance, Rehabilitation and Disaster Management Project എന്ന പേരിൽ 85.436 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ലോകബാങ്കിന്റെ അംഗീകാരത്തിനായി കൊടുത്തിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടുകൂടി നടത്തിവരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഒരു ജലസേചന പദ്ധതിയല്ല.

ശ്രീ. എ. എ. അസീസ്: സർ, കല്ലട പദ്ധതിയുടെ ഭാഗമായിട്ട് പൂർത്തീകരിക്കുവാനുള്ള ഏതെങ്കിലും പ്രദേശത്തെ പദ്ധതികൾ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ; ഉപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അനിശ്ചിതമായി ഈ പദ്ധതി നീണ്ടുപോകുന്നു എന്ന് പൊതുവേ ഒരു ആക്ഷേപം വന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കല്ലട പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ നിവൃത്തിയില്ല. പൂർത്തിയായ പദ്ധതിയായതുകൊണ്ട് അതിന് പണംവയ്ക്കുവാനും നിവൃത്തിയില്ലാത്ത സാഹചര്യം വന്നു. അപ്പോൾ ആ പദ്ധതി, നിലവിലുള്ളത് ഉള്ള സ്ഥലത്തുവച്ച് പൂർത്തീകരിക്കുക എന്നുള്ള നിലപാടെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആ പദ്ധതി പൂർത്തിയാക്കിയ പദ്ധതിയായി ഡിക്ലെയർ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, തൃശ്ശൂർ ജില്ലയിലെ കോൾ കർഷക മേഖലയ്ക്കുമാത്രമായി വിഭാവനം ചെയ്തു നടപ്പിലാക്കിയ പദ്ധതിയാണ് ചിമ്മിനി പദ്ധതി. വെള്ളത്തിന് ഏറ്റവും രൂക്ഷമായ വരൾച്ചയുള്ള തൃശ്ശൂർ ജില്ലയ്ക്കുവേണ്ടി അന്ന് വിഭാവനം ചെയ്ത മുപ്ളി പദ്ധതി, ആ പദ്ധതി നടപ്പിലാക്കുവാൻ ലോകബാങ്കിന്റെ സഹായത്തോടുകൂടി മുന്തിയ പരിഗണന നല്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പുതിയ പദ്ധതികളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്ന ഈ സന്ദർഭത്തിൽ ഈ നിലവിലുള്ള പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോഴാണ് ആശങ്ക വർദ്ധിച്ചത്. തൃശ്ശൂർ ജില്ലയിലെ രണ്ടു മുനിസിപ്പാലിറ്റികളിലും 24 പഞ്ചായത്തുകളിലുമായി ജലസേചനം നടത്തിവരുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമായി തുമ്പൂർമുഴി ജലസേചന പദ്ധതികളിലൂടെ 20000 ഹെക്ടറിലധികം പ്രദേശത്ത് ജലസേചനം നടത്തിവരുന്ന കൃഷിഭൂമിയും അതുപോലെതന്നെ മൊത്തം കുടിവെള്ള പദ്ധതികളുമായി ഉപയോഗിക്കുന്ന ചാലക്കുടി പുഴയിലാണ് നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി വരുന്നത്. ഈ പദ്ധതിക്ക് അനുമതി നല്കുന്ന സന്ദർഭത്തിൽ ജലസേചന വകുപ്പുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ? ജലസേചന വകുപ്പിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ? ഈ പദ്ധതി പൂർത്തിയായാൽ 20000 ഹെക്ടറിലധികം വരുന്ന പ്രദേശത്തെ കൃഷിക്കാരുടെ ജലസേചന സൗകര്യങ്ങൾ, കുടിവെള്ള പദ്ധതി ഉൾപ്പെടെ നഷ്ടപ്പെട്ടുപോകുമോ? അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതിരപ്പിള്ളി പദ്ധതി ഒരു ഹൈഡൽ പ്രോജക്ടാണ്. ഒരു ഹൈഡൽ പ്രോജക്ട് എന്നുള്ള നിലയിൽ അതിനോട് പോസിറ്റീവായ സമീപനം മാത്രമേ എടുക്കാൻ കഴിയൂ. അതേസമയം നിലനിൽക്കുന്ന പദ്ധതികൾക്ക് തടസ്സമില്ലാതെ മുന്നോട്ടുപോകുന്നതിനുള്ള മറ്റ് നടപടികളെടുക്കുന്നതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, പമ്പാ ഇറിഗേഷൻ പ്രോജക്ട് കംപ്ലീറ്റ് ചെയ്ത പദ്ധതികളായി പ്രഖ്യാപിച്ചു. അതനുസരിച്ചുള്ള തീരുമാനമെടുത്ത് മുന്നോട്ടു പോവുകയാണ്. എന്നാൽ പല ഭാഗങ്ങളിലും ഇനിയും വർക്കുകൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രയാറ്റുകടവ് പ്രദേശത്ത് ആ പദ്ധതിയുടെ വർക്കുകൾ മുഴുവൻ പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള ഒരു നിർദ്ദേശം വയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി മുന്നോട്ടുപോവുകയും ചെയ്തിട്ടുണ്ട്. അടിയന്തിരമായി പ്രയാറ്റുകടവിൽ ഇനി പൂർത്തീകരിക്കാനുള്ള വർക്കുകൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പരിഗണിക്കാവുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കുടിയൊഴിപ്പിക്കപ്പെട്ട നൂറുകണക്കിന് കുടുംബങ്ങൾക്കുവേണ്ടിയും രാമന്തളി പഞ്ചായത്തിലെ ജനങ്ങൾക്കുവേണ്ടിയുമുള്ള കുടിവെള്ള പദ്ധതി എന്നുള്ള നിലയിൽ അങ്ങ് ഉദ്ഘാടനം ചെയ്തിട്ടുള്ള ഈ പദ്ധതി ഇതുവരേയും പ്രവർത്തനം തുടങ്ങിയിട്ടില്ല. അതിന്റെ സ്ഥിതി എന്താണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു പദ്ധതിക്ക് എന്തെങ്കിലും തടസ്സം വന്നാൽ നിരപരാധിയായ ഉദ്ഘാടകന്റെ തലയിൽ കൊണ്ടുവയ്ക്കുന്നത് ശരിയല്ല. അങ്ങനെയായാൽ നമ്മളെല്ലാവരും പ്രതിക്കൂട്ടിലാവും. എല്ലാ ആളുകളും ഉദ്ഘാടനത്തിന് പോകുന്നവരാണ്. അങ്ങ് പറഞ്ഞ പ്രശ്നത്തിന് എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. എഴുതിത്തന്നാൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, ജലസേചന പദ്ധതികളിൽ പലതും കുടിവെള്ള പദ്ധതികൾകൂടിയാണ്. ആ പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ പറയുമ്പോൾ വർഷങ്ങൾക്കുമുമ്പ് നടത്തിയ പദ്ധതിയായതുകൊണ്ട് നിലം നികത്തലും മണ്ണൂവാരലുമൊക്കെ വന്നതുകൊണ്ട് ഈ പദ്ധതി കടന്നുപോകുന്ന പല സ്ഥലങ്ങളിലും ഇത് വേസ്റ്റായി മാറിയ അവസ്ഥയുണ്ട്. സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്ന് പണമെടുത്ത് ഇതിന്റെ പുനഃക്രമീകരണം സാദ്ധ്യമല്ല. അതുകൊണ്ട് പി.ഐ.പി., കെ.ഐ.പി. തുടങ്ങിയ ബൃഹത്തായ പദ്ധതികൾ ലോകബാങ്കിന്റെ സഹായത്തോടെ പുനഃക്രമീകരിക്കാൻ ആവശ്യമായ ഒരു പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പദ്ധതി പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കാം. പക്ഷേ, അങ്ങ് ചോദിച്ചതിൽ വളരെ പ്രസക്തമായ ഒരു ഭാഗമുണ്ട്. നമ്മൾ ആ കാലഘട്ടത്തിന്റെ പ്രത്യേകത അനുസരിച്ച് അന്നത്തെ ഭൂമിയുടെ കിടപ്പ് അനുസരിച്ചാണ് ഈ പദ്ധതികളെല്ലാം ഡിസൈൻ ചെയ്തിട്ടുള്ളത്. അതിനുശേഷം ഭൂമിക്ക് രൂപഭേദം വരികയും റെക്ലമേഷൻ കൂടുകയും ചെയ്യുമ്പോൾ ഇക്കോളജിക്കൽ ഇംബാലൻസ് വന്നെത്തുകയാണ്. അത് വളരെ ഗൗരവമായി ഗവൺമെന്റ് ആലോചിക്കും. എന്ത് നടപടി എടുക്കാൻ കഴിയുമെന്ന് പരിശോധിക്കും.

ശ്രീ. വി. സി. കബീർ: സർ, 85 കോടി രൂപയുടെ പദ്ധതി ലോകബാങ്കിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞു. കാഞ്ഞിരപ്പുഴ പദ്ധതി പൂർത്തിയാകാതെകിടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ 33 വർഷമായി പദ്ധതി പൂർത്തിയാകാതെ കിടക്കുകയാണ്. ഒറ്റപ്പാലം, പട്ടാമ്പി പ്രദേശത്തെ കനാലുകളുടെ പണി നടക്കാത്തതു കാരണം ആ പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ പറ്റിയിട്ടില്ല എന്ന കാര്യം ഗൗരവമായി കണക്കിലെടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞതടക്കം കേരളത്തിൽ പല പദ്ധതികളും ആരംഭിക്കുകയും അതിനുശേഷം നീണ്ടുപോവുകയും ചെയ്യുകയാണ്. ഒരു നിശ്ചിത സമയത്തിനുള്ളിൽ പദ്ധതികൾ തീരുന്നില്ല. ഇത് പൊതുവായ ഒരു ആവലാതിയാണ്. 29 വർഷം മുമ്പ് ആരംഭിച്ച ഒരു പദ്ധതിയുടെ റിസർവോയർ പ്ലഗ്ഗിംഗ് പോലും നടത്തിയിട്ടില്ല. പദ്ധതികൾ നീണ്ടുപോകാതിരിക്കാൻ ഡിപ്പാർട്ടുമെന്റിൽ ചില ക്രമീകരണങ്ങൾ നടത്തുകയാണ്. അതിന്റെ ഭാഗമായി ഒരു വർഷംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാവുന്നവ, രണ്ടു വർഷംകൊണ്ട് പൂർത്തിയാവുന്നവ എന്നിങ്ങനെ തിരിച്ച് ഒരു ടൈംടേബിളിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് പ്രയോറിറ്റി നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, കേരളത്തിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കേണ്ട ജലസേചന പദ്ധതികളെക്കുറിച്ചാണ് എന്റെ ചോദ്യം. മാള നിയോജകമണ്ഡലം ഉൾപ്പെടെയുള്ള ഭാഗങ്ങളുമായി ബന്ധപ്പെട്ട് ചാലക്കുടി ഇറിഗേഷൻ പദ്ധതിയുടെ വെള്ളമാണ് കർഷകർക്ക് ലഭ്യമാകുന്നത്. പക്ഷേ, ഇപ്പോൾ അവിടെ വെള്ളം ലഭ്യമല്ല. ഇടമലയാർ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷമേ വെള്ളം ലഭ്യമാകൂ എന്നാണ് ഡിപ്പാർട്ടുമെന്റും മന്ത്രിയുമൊക്കെ ഞങ്ങളോട് പറഞ്ഞിട്ടുള്ളത്. ഈ പദ്ധതി ലോകബാങ്കിന്റെ സഹായത്തോടെ എത്രയും വേഗം പൂർത്തീകരിച്ച് ഇടമലയാറിന്റെ പൂർത്തീകരണത്തോടെ മാള, ചാലക്കുടി, കൊടകര, ഇരിങ്ങാലക്കുട ഉൾപ്പെടെയുള്ള നിയോജകമണ്ഡലങ്ങളിൽ ചാലക്കുടി ഇറിഗേഷൻ പദ്ധതിയിൽനിന്നും വെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പി.ഐ.പി. പദ്ധതിയുമായി ബന്ധപ്പെട്ടാണ് ചാലക്കുടി കനാലിൽ വെള്ളം എത്തുന്നത്. ഞാൻ ഇക്കാര്യത്തെക്കുറിച്ച് പല പ്രാവശ്യം പറഞ്ഞു. ഒരു സന്തോഷം ഇവിടെ രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചർച്ച ചെയ്യുകയും ചെയ്തു. ഞാനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. ആ ചർച്ചയിൽ രണ്ട് കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിരുന്നു. ആ എഗ്രിമെന്റിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആ വ്യവസ്ഥകൾ പാലിക്കുന്നതിന് ഒന്നോ രണ്ടോ സ്റ്റെപ്പുകൾ അവർ എടുത്തിട്ടുണ്ട്. 21 കെട്ടിടങ്ങൾ പറമ്പിക്കുളത്ത് വിട്ടുതരാൻ അവർ അന്ന് തീരുമാനമെടുത്തു. നമ്മളും മുല്ലപ്പെരിയാറിൽ അവർക്ക് ഇലക്ട്രിസിറ്റി കണക്ഷനുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന ചില പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കാമെന്ന് പറഞ്ഞിരുന്നു. അതിനുശേഷം കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി കേരള ഷോളയാറിൽനിന്ന് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് കൃത്യമായി എത്തത്തക്കവിധത്തിൽ ദീർഘകാലത്തെ ഗ്യാപ്പിനുശേഷം 2663 അടി വെള്ളം അവിടെ നിറച്ചുതന്നു. അത് നിറയ്ക്കുമ്പോൾ സ്വാഭാവികമായും 5 ടി.എം.സി ജലം നമുക്ക് താഴോട്ടു വിട്ടുകൊടുക്കാൻ പറ്റും. 5 ടി.എം.സി. ജലം താഴോട്ടുവിട്ടുകൊടുക്കുമ്പോൾ പഴയതിനെക്കാൾ ചാലക്കുടി പുഴയിൽ വെള്ളം കൂടിയിട്ടുണ്ടാകും എന്നാണ് വിശ്വാസം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ശുദ്ധജലവിതരണ പദ്ധതികൾക്ക് വേൾഡ് ബാങ്ക് സഹായത്തെക്കുറിച്ച് പറഞ്ഞു. നിയമപരമായി ഗവൺമെന്റ് റിപ്പോർട്ടുപ്രകാരം കമ്മീഷൻ ചെയ്യപ്പെട്ടുവെങ്കിലും മെയിൻ കനാൽപോലും പൂർത്തീകരിക്കാനുണ്ട്. വർഷങ്ങൾക്കുമുമ്പ് സെൻട്രൽ വാട്ടർ കമ്മീഷൻ സുരക്ഷിതത്വത്തിന്റെ പേരിൽ ഡാം

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തണമെന്നും കുറേക്കൂടി സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടു. കുറ്റ്യാടി ജലസേചന പദ്ധതിക്ക് ഒരു അത്യാപത്ത്കൂടി ഉണ്ടാകാനിടയുള്ള സാഹചര്യം വച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന പുതിയ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ വേൾഡ് ബാങ്കിൽനിന്ന് ലോണോ അല്ലെങ്കിൽ ബൈലാറ്ററൽ അസിസ്റ്റൻസോ കിട്ടാൻവേണ്ടി സമർപ്പിക്കാൻ ദയവുണ്ടാകുമോ; ഗവൺമെന്റ് എന്നെങ്കിലും ഇത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് പെയ്യാൻ പറ്റുന്നതല്ല.

ശ്രീ. സി. മമ്മൂട്ടി : സർ, പല ജലസേചന പദ്ധതികളും കുടിവെള്ളവുമായി ബന്ധപ്പെട്ടതാണ്. പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ അടക്കമുള്ള നിയോജകമണ്ഡത്തിലെ അമ്പത് ശതമാനത്തോളം പഞ്ചായത്തുകളിലുള്ള ആളുകൾക്ക് വെള്ളം എത്തിക്കാൻ കഴിയും. ഈ ജപ്പാൻ കുടിവെള്ള പദ്ധതിയെ ഏറെ പ്രതീക്ഷയോടുകൂടിയാണ് നോക്കുന്നത്. അത് എന്ന് കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ ഞാൻ ജപ്പാൻ കുടിവെള്ള പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ അഞ്ച് സ്ഥലങ്ങളിലാണ് ഈ കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ ഒന്ന് ഞാൻ സൂചിപ്പിച്ചു. ശുദ്ധജലവിതരണത്തിന്റെ വിപുലീകരണ പദ്ധതിയാണ്. ഇത് 2007 ഡിസംബറിൽ കമ്മീഷൻ ചെയ്യുന്നതിനാണ് ഇപ്പോൾ ടാർജറ്റ് ഇട്ടിരിക്കുന്നത്. ആ ടാർജറ്റിൽ പോകണമെങ്കിൽ എല്ലാ വിഭാഗവും സഹകരിച്ചെങ്കിൽ മാത്രമേ കഴിയൂ. ഈ സഹകരണം ഉറപ്പാക്കാൻ കഴിയുമെങ്കിൽ നിശ്ചയമായും 2007 ഡിസംബറിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി തുടരാം.

ശ്രീ. പി. നാരായണൻ : സർ, മൂവാറ്റുപുഴ റിവർ വാലി പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായി എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : മൂവാറ്റുപുഴ നദീതട പദ്ധതിക്ക് ലോക ബാങ്കിന്റെ സഹായമുണ്ടായതായി രേഖകളിൽ കാണുന്നില്ല. 37737 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതാണ്. ഈ വർഷം ചെയ്തുതീർക്കാൻ ശ്രമിക്കുന്ന പദ്ധതികളെക്കുറിച്ച് ഞാൻ പറയാം. വലതുകര കനാലിന്റെ ശേഷിക്കുന്ന പണികൾ, പിറവം ബ്രാഞ്ച് കനാലിന്റെ ശേഷിക്കുന്ന പണികൾ, മൂലക്കുളം ബ്രാഞ്ച് കനാലിന്റെ ശേഷിക്കുന്ന പണികൾ ഇങ്ങനെ തുടങ്ങി 24 പണികൾ ഒരു വർഷം കൊണ്ട് തീർക്കുന്നതിനുള്ള ഒരു ഷെഡ്യൂൾ ഇട്ടിട്ടുണ്ട്. അതനുസരിച്ച് പോകാനാണ് ശ്രമിക്കുന്നത്. പദ്ധതികളുടെ പണി ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നീണ്ടുപോവുകയും നമുക്ക് ധാരാളം പണച്ചെലവ് ഉണ്ടാവുകയും കർഷകന് ഒരു ലിറ്റർ വെള്ളംപോലും കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ട് മൂവാറ്റുപുഴ പദ്ധതിയിൽ ഇനി അവശേഷിക്കുന്ന 10000 ഹെക്ടർ സ്ഥലത്തെ ആയക്കെട്ടിൽ വെള്ളം കൊടുക്കുന്നതിനുള്ള കനാലുകൾ ഡിസംബറിൽ കമ്മീഷൻ ചെയ്യണമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് പോകുന്നത്; അത് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: എന്റെ നിയോജകമണ്ഡലത്തിലെ പിറവാർമുഴി വിഫ്റ്റ് ഇറിഗേഷൻ പദ്ധതി 1991-96 കാലഘട്ടത്തിൽ ശ്രീ. ടി.എം. ജേക്കബ്ബും തുടർന്ന് ശ്രീ. ബേബിജോണും ശ്രീ. വി. പി. രാമകൃഷ്ണപിള്ളയും വീണ്ടും ശ്രീ. ടി. എം. ജേക്കബ്ബും ഏതാണ്ട് 9 കൊല്ലത്തോളം ഭരിച്ചിട്ടും ഒന്നും ചെയ്യാത്തതും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരിട്ട് സൈറ്റിൽ വന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമായിട്ടുള്ളതാണ്. ഈ ഇറിഗേഷൻ പദ്ധതിയുടെ പണി ലോകബാങ്കിൽനിന്നോ വേറെ ഏതെങ്കിലും ബാങ്കിൽനിന്നുമോ പണം കണ്ടെത്തി ഉടൻതന്നെ പൂർത്തിയാക്കി കർഷകർക്ക്, ശുദ്ധനാട്ടിൻപുറത്തെ കർഷകർക്ക് ഉപകാരപ്രദമാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നാല് മന്ത്രിമാർ 9 വർഷം ഭരിച്ചിട്ടും പറ്റാത്തത് ദുർബലനായ ഞാൻ ഈ ചെറിയ കാലംകൊണ്ട് ചെയ്യുന്നതിന് പരിമിതികളുണ്ട്. എന്നാലും ബഹുമാനപ്പെട്ട പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറഞ്ഞപ്പോൾ ഞങ്ങൾ പോയിരുന്നു. സൈറ്റ് കണ്ടിരുന്നു. തുടർന്ന് ഉദ്യോഗസ്ഥൻമാരെ വിളിച്ചിരുന്നു. സാങ്കേതിക തടസ്സം എന്താണെന്നു പരിശോധിച്ച് വേഗത്തിൽ ചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. നാണു : കുറ്റ്യാടി ജലസേചനപദ്ധതി വർഷങ്ങൾക്കുമുൻപ് കമ്മീഷൻ ചെയ്തപ്പോൾ വലിയൊരു ഭാഗം കനാലിന്റെ പണികൾ പൂർത്തിയാകാതെയാണ് ആരംഭിച്ചത്. ഇപ്പോൾ CADA -ക്ക് കൈമാറിയിരിക്കുന്നു. വർഷംതോറും ചില അറ്റകുറ്റപ്പണികൾക്കുവേണ്ടി വളരെ കുറച്ചു സംഖ്യ മാത്രമേ നൽകുന്നുള്ളൂ. പല ഭാഗത്തും സ്ഥലം ഈ കനാലിനുവേണ്ടി എടുത്തു. എല്ലാ ഭാഗത്തുമുള്ള പ്രശ്നമാണ്. കുറ്റ്യാടിയുമായി ബന്ധപ്പെട്ട് കൃഷിക്ക് വെള്ളം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെല്ലാം പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിൽ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തി അടിയന്തിരമായി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞത് ശരിയാണ്. 560-ഓളം കിലോമീറ്റർ ദൂരമുള്ള കനാലുകളും ഉപകനാലുകളും അതിന്റെ ശൃംഖലയുമെല്ലാംകൂടി നിൽക്കുകയാണ്. നമുക്ക് ഇത് CADA പദ്ധതിയിൽ ചേർത്തതുകൊണ്ട്, ഇതിൽനിന്ന് കിട്ടുന്ന പണം മാത്രമാണ് നമുക്കുള്ളത്. കനാലിന്റെ മെയിന്റനൻസിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ട്. ശ്രീ. ടി. പി. രാമകൃഷ്ണൻ നേരത്തെ എന്നോട് സംസാരിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ചില കാര്യങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തിയിരുന്നു. അങ്ങുമായും സംസാരിച്ചതാണ്. സാമ്പത്തികമായ പ്രയാസമാണ് പ്രധാനപ്പെട്ട പ്രശ്നം. എങ്കിൽപ്പോലും സാമ്പത്തികപ്രയാസത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ട് പരിമിതമായ തുക വച്ചാണെങ്കിലും ഇവിടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ഞാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : മലബാറിലെ ഏക പദ്ധതിയാണ് പാണ്ടിയാർ-പുന്നപ്പുഴ. തമിഴ്നാട്ടിൽനിന്ന് ആരംഭിച്ച് മലബാറിലൂടെ വന്ന് വളരെയധികം പ്രദേശങ്ങളിൽ ശുദ്ധജലത്തിനും അതുപോലെ കൃഷിക്കും ഉപയുക്തമായ പാണ്ടിയാർ ഗൂഡല്ലൂരിൽവച്ച് തമിഴ്നാട് സർക്കാർ കോയമ്പത്തൂരിലേക്ക് തിരിച്ചുവിട്ടതിനെ സംബന്ധിച്ച് പത്രത്തിലും എല്ലാ ഉദ്യോഗസ്ഥൻമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി ലഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ നിർദ്ദേശം പരിശോധിച്ച് കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : 2006-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് 2004-2005-ലെ പ്രസംഗത്തിൽ പറഞ്ഞ ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ജോലികൾ ധൃതഗതിയിൽ നടക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് തുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വേൾഡ് ബാങ്ക് വഴിയോ മറ്റേതെങ്കിലും കേന്ദ്ര പദ്ധതികൾ വഴിയോ അത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇടമലയാർ ജലസേചന പദ്ധതി അങ്ങേക്ക് തന്നെ അറിയാവുന്നതുപോലെ അങ്ങയുടെ നിർദ്ദേശപ്രകാരം നമ്മുടെ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ആലോചന നടത്തി. അങ്ങ് നിർദ്ദേശിക്കുന്ന ചില പ്രത്യേകമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള തീരുമാനവും ഈ യോഗത്തിൽവച്ച് ഉണ്ടായിട്ടുള്ളതാണ്. സാമ്പത്തികപരിമിതിയുടെ മധ്യത്തിൽ നിന്നുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ തീർക്കണമെന്ന് നിർദ്ദേശിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ : കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാൽ പുനരുദ്ധാരണത്തിനുവേണ്ടി 13 കോടി രൂപ സർക്കാർ നീക്കിവച്ചിട്ടുണ്ടെന്നും ഉടൻ തുടങ്ങുമെന്നും സർക്കാർ സഭയിൽ പറഞ്ഞതാണ്. പഴശ്ശി പദ്ധതിയുടെ ഇരുഭാഗവും ഇപ്പോൾ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. റോഡുകളും തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നടപടികളെക്കുറിച്ച് അങ്ങ് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പഴശ്ശി പ്രോജക്ടിനെ സംബന്ധിച്ച് അങ്ങിവിടെ പറഞ്ഞതുപോലെതന്നെ ബഹുമാനപ്പെട്ട ശ്രീ. എ. ഡി. മുസ്തഫ നേരത്തെ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. അതു സംബന്ധിച്ച് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിനെ സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ശ്രീ. കെ. പി. മോഹനനും ആ ചർച്ചയിൽ പങ്കെടുത്തിരുന്നതാണ്. അതിൽ വരുന്ന പ്രധാനപ്പെട്ട പ്രശ്നം മെയിന്റനൻസിനുള്ള പണം ഇല്ലാതെപോകുന്നു എന്നുള്ളതാണ്. എന്താണ് പണം കിട്ടാനുള്ള സോഴ്സെന്ന് പരിശോധിച്ചാൽ അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. ചെയ്യാവുന്ന വിധത്തിൽ അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. എ. വാഹിദ് : തിരുവനന്തപുരം ജില്ലയിൽ മാത്രം സ്വാതന്ത്ര്യത്തിനുശേഷം കിട്ടിയ, ഏറ്റവും പ്രധാനപ്പെട്ട, ഏക ജലസേചന പദ്ധതി 'വാമനപുരം ജലസേചന പദ്ധതി'യാണ്. അത് ജൻമംകൊണ്ടുതന്നെ ചരമം പ്രാപിച്ചതാണ്. ഓഫീസുകൾ ഒക്കെ പൊളിച്ചുകൊണ്ടുപോയി. അതിന് ലോകബാങ്കിന്റെ സഹായത്തിനുവേണ്ടി സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഏതെങ്കിലും സഹായത്തോടുകൂടി ഈ പദ്ധതി ഏറ്റെടുക്കുവാൻ അങ്ങ് വല്ല നടപടിയും സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വാമനപുരം ജലസേചന പദ്ധതിക്ക് ആരംഭിച്ച സ്കെൽട്ടൺ സിസ്റ്റം ഇപ്പോഴും ഇവിടെ നിൽപ്പുണ്ട്. പക്ഷേ, പദ്ധതികൾ തുടർന്ന് മുന്നോട്ടുപോകാൻ കഴിയാത്തത് സാമ്പത്തികമായി പ്രയാസമുള്ളതുകൊണ്ടും പ്രോജക്ടിന്റെ വയബിലിറ്റിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വന്നതുകൊണ്ടുമാണ്. അങ്ങ് പറയുന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : വൻകിട ജലസേചന പദ്ധതികളുടെ ഭാഗമായി, പ്രത്യേകിച്ച് കല്ലട പദ്ധതിയുടെ ഭാഗമായി, അങ്ങയുടെയും എന്റെയും നിയോജകമണ്ഡലത്തിൽ കുറേയധികം റോഡുകൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു. ഏറ്റെടുത്ത കാലത്ത് മെയിന്റനൻസ് നടത്തിയത് അല്ലാതെ കഴിഞ്ഞ 20, 25 കൊല്ലമായി ആളുകൾക്ക് വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ആ റോഡുകളുടെ മെയിന്റനൻസ് നടത്തിയിട്ടില്ല. ഏറ്റെടുത്ത റോഡുകളുടെ മെയിന്റനൻസ് ഇപ്പോൾ സ്ലോ ആയി നടക്കുകയാണ്. ഇറിഗേഷൻ വകുപ്പിൽനിന്നും യാതൊന്നും ചെയ്യുന്നില്ല. പഞ്ചായത്തുകളും ഇറിഗേഷന്റെ റോഡുകൾ എന്ന നിലയിൽ യാതൊന്നും ചെയ്യുന്നില്ല. ഇത് CADA-യിൽ ഉൾപ്പെടുത്താമെന്ന് ആന്റണി ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നതാണ്. അങ്ങേക്കും എനിക്കും ഇറങ്ങിനടക്കേണ്ട ആവശ്യമുള്ളതുകൊണ്ട് ഏത് സ്കീമിലെങ്കിലും പെടുത്തി ഈ റോഡുകളുടെ മെയിന്റനൻസ് നടത്താൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : CADA-യിൽ ഉൾക്കൊള്ളിക്കാമെന്ന് നേരത്തെ തീരുമാനിച്ചതാണെന്ന് രേഖകൾ പരിശോധിച്ചപ്പോൾ കാണുന്നില്ല. അങ്ങനെ ആണെങ്കിൽ നല്ല കാര്യമാണ്. പോസിറ്റീവായിട്ട് പ്രതികരിക്കും. കേന്ദ്രത്തിൽനിന്നും എനിക്ക് കിട്ടിയ കത്ത് ഇത് പരിശോധിക്കുന്നതാണെന്നുള്ള നിലയിലാണ്. റോഡുകളുടെ മെയിന്റനൻസിന്റെ കാര്യത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് അങ്ങേക്കും നന്നായി അറിയാം. ഇതിനെക്കുറിച്ചൊക്കെ സംസാരിച്ചിട്ടുള്ളതാണ്. എന്നാലും റോഡുകളുടെ മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി ഏത് പരിധിവരെ പോകാൻപറ്റും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : ഈ സംസ്ഥാനത്തെ ഏറ്റവും അധികം ജല ദൗർലഭ്യമുള്ള ജില്ലയാണ് കാസർഗോഡ് ജില്ല. വർഷങ്ങളായി സർക്കാരിന്റെ പരിഗണനയിലുള്ള മൂന്നാംകടവ് പദ്ധതി ഏത് ഘട്ടത്തിലാണ്; അടിയന്തിരമായി ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ലോകബാങ്കിന്റെ സഹായത്തോടുകൂടി പണി ആരംഭിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പെട്രോൾ, ഡീസൽ വിലവർദ്ധനയും നികുതിഘടനയും

*3 [271] *ശ്രീ. എൻ. രാജൻ:*

,, *എം. കുമാരൻ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വിറ്റർ പെട്രോളിനും ഡീസലിനും വിവിധ നികുതി ഇനങ്ങളിലായി എത്ര രൂപ വീതം ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ട്;

(ബി) ഓരോ ഇനത്തിലും പ്രതിവർഷം എത്ര രൂപ വീതം നികുതി ഇനത്തിൽ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പെട്രോളിനും ഡീസലിനും വിലകൂട്ടിയതുമൂലമുണ്ടായ സാമ്പത്തികഭാരം കുറയ്ക്കുന്നതിന് നികുതിഘടനയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly